DESPATCHED
On..19/02/ 2020

15/2/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No. 2976(5)/18/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 15202/SIC-G7/2018

സന്നിഹിത
ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ. മനോജ്. ബി.**
**കാർത്തിക, കല്ലറക്കടവ്,**
**പത്തനംതിട്ട പി.ഒ.,**
**പത്തനംതിട്ട – 689 645.**
— അപ്പീൽ ഹർജിക്കാരൻ

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**മുനിസിപ്പൽ ഓഫീസ്,**
**പത്തനംതിട്ട – 689 645.**

**അപ്പീൽ അധികാരി,**
**മുനിസിപ്പൽ ഓഫീസ്,**
**പത്തനംതിട്ട – 689 645.**
— എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 19.07.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 20.08.2018 |
| ഒന്നാം അപ്പീൽ | 29.08.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 26.09.2018 |
| രണ്ടാം അപ്പീൽ | 24.12.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 07.11.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, പത്തനംതിട്ട |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, പത്തനംതിട്ട സബ് രജിസ്ട്രാർ ആഫീസിൽ 07.09.2000 തീയതിയിൽ 184/2000 നമ്പറിൽ ഒരു കരാർ രജിസ്റ്റർ ചെയ്തിരുന്നു. ആയതുമായി ബന്ധപ്പെട്ട 18.08.2000 തീയതിയിലെ 6 –ാം നമ്പർ തീരുമാനപ്രകാരമുള്ള മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ച റോഡ് കരാറിൽ പറഞ്ഞിരിക്കുന്ന ആയിരം (1000) രൂപ വീതം 10 വർഷത്തേക്ക് അടച്ച രസീതിന്റെ പകർപ്പാണ്.

2. പ്രസ്തുത അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഫയൽ 18 വർഷത്തിലധികം പഴക്കമുളളതിനാൽ ആയതു കണ്ടെത്തി വിവരങ്ങൾ നൽകുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചു. ടി മറുപടി തൃപ്തികരമല്ലാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ഒന്നാം അപ്പീലിന് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

3. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർ വിചാരണയ്ക്ക് ഹാജരായ അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ പണം അടച്ചിട്ടുളള രസീതിന്റെ പകർപ്പിനായി 19.07.2018 മുതൽ വിവരാവകാശ നിയമപ്രകാരം ചോദിക്കുകയാണെന്നും എന്നാൽ ആയത് നാളിതുവരെ ലഭ്യമായിട്ടില്ല എന്നാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. മേൽ വിഷയവുമായി ബന്ധപ്പെട്ട് സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, അപ്പീൽഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ പ്രകാരം നഗരസഭയും മുത്തൂറ്റ് മെഡിക്കൽ സെന്ററും തമ്മിൽ ഒപ്പു വച്ച 07.09.2000 ലെ 184/2000 നമ്പർ കരാർ പ്രകാരം എ1 എ1 റിംഗ് റോഡിൽ നിന്ന് മുത്തൂറ്റ് മെഡിക്കൽ സെന്റർ പണികഴിപ്പിച്ച പാലത്തിൽ കൂടി അമൃത സ്കൂളിലേയ്ക്കും കല്ലറക്കടവ് പ്രദേശത്തേയ്ക്കും ഒരു പൊതുവഴി പണികഴിപ്പിക്കാനും ആയതിന് മെഡിക്കൽ സെന്റർ പ്രതിവർഷം 1000/- രൂപ വീതം 10 വർഷത്തേക്ക് നൽകണമെന്നുമാണ്. കരാർ പ്രകാരമുളള ടി തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നുമാണ് ടിയാന്റെ ആവശ്യമെന്നും എന്നാൽ ടി പകർപ്പുകൾ നൽകുന്നതിന് സാവകാശം ആവശ്യപ്പെട്ട് മറുപടി നൽകിയിരുന്നു എന്നും തുടർന്ന് നൽകിയ ഒന്നാം അപ്പീലിനും അതേ മറുപടി നൽകി എന്നുമാണ്. കൂടാതെ നിലവിലെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ രസീത് കണ്ടെത്തുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല എന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പകർപ്പുകൾ നൽകാമെന്നും അറിയിക്കുന്നുണ്ട്.

5. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ നാളിതുവരെ ലഭ്യമാക്കുവാൻ ഒന്നാം എതിർകക്ഷിയ്ക്ക് സാധിച്ചിട്ടില്ല എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും മൊഴിയും കമ്മീഷൻ മുഖവിലക്കെടുത്തു കൊണ്ട്, ടിയാൻ മേപ്പടി അപേക്ഷയിൽ ആവശ്യപ്പെട്ട പകർപ്പുകൾ തീവ്രശ്രമം നടത്തി കണ്ടെത്തി അടിയന്തിരമായി അപ്പീൽഹർജിക്കാരന് സൗജന്യമായി നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി കൊണ്ട് ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ഫെബ്രുവരി മാസം 15 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

RIGHT TO INFORMATION